**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1140** **30-06-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകരയിൽ തിയേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ നഗരസഭ പ്രദേശത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തിയേറ്ററിന് ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ, നഗരസഭ പ്രദേശത്ത് കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന തിയേറ്ററിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, കിറ്റ്കോ മുഖാന്തിരം തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തിയേറ്റർ നിർമ്മാണ പദ്ധതികൾക്കായി കിഫ്ബി അനുവദിച്ച 100 കോടി രൂപയുടെ പദ്ധതികൾ ഇതിനകം തന്നെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ കിഫ്ബിയിൽ നിന്നും വീണ്ടും ഫണ്ട് അനുവദിച്ചാൽ മാത്രമേ നെയ്യാറ്റിൻകര മണ്ഡലത്തിലെ തിയേറ്റർ നിർമ്മാണ പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാകുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ? | (ബി) | 16.37 കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് ഡി.പി.ആറിൽ ഉള്ളത്. |

സെക്ഷൻ ഓഫീസർ